# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

17- 07- 2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 794

## ഉന്മൂലനം ചെയ്തിരുന്ന രോഗങ്ങളുടെ തിരിച്ചുവരവ്

ചോദ്യം

ശ്രീ. കെ. അജിത്
ശ്രീ. സി. ദിവാകരൻ
ശ്രീ.ജി.എസ്. ജയലാൽ
ശ്രീ. വി. ശശി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) തീരദേശ ഗ്രാമങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്ത ചില മാരക രോഗങ്ങൾ വീണ്ടും കണ്ടു തുടങ്ങിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) തിരുവനന്തപുരം ജില്ലയിലെ തീരദേശ ഗ്രാമമായ മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ആരോഗ്യ ഉപകേന്ദ്രമായ കോട്ടപ്പുറത്തിന്റെ പ്രവർത്തനമേഖലയിൽ വരുന്ന കോട്ടപ്പുറം-കടക്കുളം കോളനിയിൽ നിന്നും 23. 06. 2014 ൽ ഡിഫ്തീരിയ രോഗം മൂലം 10 വയസ്സുള്ള ടിനു എന്ന ബാലിക മരണപ്പെടുകയുണ്ടായി. ഡിഫ്തീരിയ എന്ന രോഗം സംസ്ഥാനത്ത് പൂർണ്ണമായും നിർമാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. നിർമ്മാർജ്ജനം ചെയ്ത മാരകരോഗങ്ങൾ തീരദേശ ഗ്രാമങ്ങളിൽ വീണ്ടും കണ്ടു തുടങ്ങിയിട്ടില്ല. എന്നാൽ ഉൾപ്രദേശങ്ങളിലെന്നപോലെ തീരദേശങ്ങളിലും കാലവർഷത്തിന് മുൻപും കാലവർഷ ഘട്ടത്തിലും സാധാരണ കണ്ടുവരുന്ന പനി, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി, വയറിളക്കരോഗങ്ങൾ എന്നിവ ചില പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രതിരോധ നടപടികളിൽ വീഴ്ച വന്നിട്ടുണ്ടോ, അവ വീണ്ടും ശക്തമാക്കാൻ എന്തു പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ പ്രതിരോധ കുത്തിവയ്പ്പ് പ്രവർത്തനങ്ങളിൽ യാതൊരു തരത്തിലുള്ള വീഴ്ചയും വന്നിട്ടില്ല. എന്നാൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ എടുക്കുന്നതിന് വിസമ്മതിക്കുന്ന കുടുംബങ്ങൾ ഇപ്പോഴും നിലവിലുണ്ട്. മുൻവർഷങ്ങളിലെക്കാൾ നല്ലരീതിയിൽ ആസൂത്രണം ചെയ്ത് സമയബന്ധിതമായിട്ടാണ് സംസ്ഥാനത്ത് ഈ വർഷം പകർച്ചവ്യാധി നിയന്ത്രണ രോഗ പ്രതിരോധ നടപടികൾ നടപ്പിലാക്കിയത്. വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കാനുള്ള യോഗങ്ങൾ കൂടി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണ ക്യാമ്പെയിനുകൾ, ജലശുചീകരണ ക്യാമ്പെയ്ൻ തുടങ്ങിയവ നടപ്പിലാക്കി. ആഴ്ചതോറുമുള്ള ഡ്രൈഡേ ആചരണവും തുടർന്നു വരികയാണ്. ഐ.ഡി.എസ്.പി. വഴി രോഗനിരീക്ഷണം കാര്യക്ഷമമാക്കി. ആഴ്ചതോറുമുള്ള |

| | |
|---|---|
| | കൊതുക നിരീക്ഷണം ഊർജ്ജിതപ്പെടുത്തി. രോഗം പൊട്ടിപ്പുറപ്പെട്ടാൽ ആരംഭത്തിൽ തന്നെ ഊർജ്ജിത നിയന്ത്രണം നടപ്പിലാക്കി വരുന്നു. |
| (സി) തീരദേശ ഗ്രാമങ്ങളിൽ പ്രതിരോധ കുത്തിവെയ്പുകളും ബോധവൽക്കരണവും നടപ്പിലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) തീരദേശ ഗ്രാമങ്ങളിൽ പ്രതിരോധ കുത്തിവയ്പുകളും, ബോധവത്ക്കരണവും നടപ്പിലാക്കി വരുന്നുണ്ട്. തീരദേശ ഗ്രാമങ്ങൾ ഉൾപ്പെട്ട ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രതിരോധ കുത്തിവയ്പ്പ് പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പ്രത്യേകമായി നടപ്പിലാക്കുന്നതാണ്.<br><br>1. സർവ്വേ<br>2. ബോധവത്ക്കരണ പരിപാടികൾ<br>3. പ്രതിരോധ കുത്തിവയ്പ് ക്യാമ്പുകൾ<br><br>തീരദേശ മേഖലകളിലെ ബോധവത്ക്കരണത്തിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസറും, ഫീൽഡുദ്യോഗസ്ഥരും ക്ലാസുകൾ എടുക്കുന്നുണ്ട്. ലഘുരേഖാ കവിതാ വിതരണം, മൈക്ക് പബ്ളിസിറ്റി, വീഡിയോഷോ തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ എഡ്യൂക്കേഷൻ മീഡിയ ആഫീസർമാർ ഇത് അവലോകനം ചെയ്യുന്നു. പത്ര-ദൃശ്യ മാധ്യമങ്ങൾ വഴിയും വേണ്ട അവബോധം ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും നൽകി വരുന്നു. ഇതു കൂടാതെ ബുധനാഴ്ചകളിൽ സ്കൂൾ അസംബ്ലിയിൽ കുട്ടികൾ ആരോഗ്യ പ്രതിജ്ഞ എടുക്കുന്നു. തീരപ്രദേശത്തുള്ള സബ്സെന്ററുകൾ, അംഗൻവാടികൾ, സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയിലും ബോധവത്ക്കരണ ക്ലാസുകൾ എടുത്തു വരു ന്നു. |

സെക്ഷൻ ഓഫീസർ